സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കും പെൻഷൻകാർക്കും 2025-26 ലെ ബോണസ്/പ്രത്യേക ഉത്സവബത്ത, 2026 ലെ ഓണം അഡ്വാൻസ് എന്നിവ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 7485/26/Est-1** നന്തൻകോട്, **19/08/2026**

---

**പരാമർശം** :- (1) 14-08-2026 ലെ സ.ഉ (അച്ചടി) നം. 92/2026/ധന നമ്പർ സർക്കാർ ഉത്തരവ്.
(2) 14-08-2026 ലെ സ.ഉ (അച്ചടി) നം. 91/2026/ധന നമ്പർ സർക്കാർ ഉത്തരവ്.
(3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 17-08-2026 ലെ DA 623/26/E-1 നമ്പർ റിമാർക്സ്

## ഉത്തരവ്

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും 2026 ലെ ഓണം പ്രമാണിച്ച് 2025-26 ലെ ബോണസ്/പ്രത്യേക ഉത്സവബത്ത, 2026 ലെ ഓണം അഡ്വാൻസ് എന്നിവ അനുവദിച്ചു (പരാമർശം -1, 2).

സർക്കാർ ജീവനക്കാർക്ക് അനുവദിച്ച പ്രസ്തുത ആനുകൂല്യം തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിക്കുന്നത് സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം ലഭ്യമാക്കി (പരാമർശം -3).

പരാമർശ സർക്കാർ ഉത്തരവും ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായവും ബോർഡ് പരിശോധിച്ചശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കും പെൻഷൻകാർക്കും 2025-26 ലെ ബോണസ്/പ്രത്യേക ഉത്സവബത്ത, 2026 ലെ ഓണം അഡ്വാൻസ് എന്നിവ ചുവടെ വിവരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

1. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള എല്ലാ എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർക്കും കാരാണ്മ ഒഴികെയുള്ള ദേവസ്വങ്ങളിൽ ജോലി നോക്കുന്ന എല്ലാ ക്ലാസ് 4 ജീവനക്കാർക്കും അടിസ്ഥാന ശമ്പളം, വ്യക്തിഗതവേതനം, വ്യക്തിഗതബത്ത, പ്രത്യേക വേതനം, പ്രത്യേക ബത്ത എന്നിവയും ക്ഷാമബത്തയും ഉൾപ്പെടെ

ശമ്പള പരിഷ്കരണത്തിന് ശേഷം 31-03-2026 -ൽ 49,275/- രൂപയോ അതിൽ കുറവോ, ശമ്പളപരിഷ്കരണത്തിന് മുൻപ് 31-03-2026 -ൽ 44,462/- രൂപയോ അതിൽ കുറവോ, 'ആകെ വേതനം' കൈപ്പറ്റുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് 2025-26-ലെ ബോണസ് 4500/-രൂപ നിരക്കിൽ അനുവദിക്കുന്നു.

(i) പ്രതിമാസം 4500/-രൂപയിൽ അധികവും, എന്നാൽ 49,275/-(പുതിയ സ്കെയിൽ) 44,462/-(പഴയ സ്കെയിൽ) രൂപയിൽ അധികരിക്കാത്തതുമായ 'ആകെ വേതനം' കൈപ്പറ്റുന്നവർക്ക് പ്രതിമാസ വേതനം 4500/- രൂപ എന്ന തോതിൽ ബോണസ് കണക്കുകൂട്ടേണ്ടതാണ്. 31.03.2026-നോ അതിനു മുമ്പോ പതിനൊന്നാം ശമ്പള പരിഷ്കരണ സ്കെയിൽ ഓപ്ട് ചെയ്ത ജീവനക്കാരുടെ കാര്യത്തിൽ 'ആകെ വേതനം'എന്നാൽ അടിസ്ഥാന ശമ്പളം, വ്യക്തിഗത വേതനം, പ്രത്യേകബത്ത,പ്രത്യേക വേതനം, വ്യക്തിഗത ബത്ത എന്നിവയും പരിഷ്കരിച്ച ശമ്പളസ്കെയിലിലെ 35 % ക്ഷാമബത്തയും ചേർന്നതായിരിക്കും. എന്നാൽ വീട്ടു വാടകബത്തയും മറ്റ് ബത്തകളും ആകെ വേതനം കണക്കാക്കുന്നതിന് പരിഗണിക്കേണ്ടതില്ല.

(ii) പരിഷ്കരണത്തിനു മുമ്പുള്ള ശമ്പള സ്കെയിലിൽ തുടരുന്ന ജീവനക്കാരുടെ കാര്യത്തിൽ 'ആകെ വേതനം' എന്നത് മേൽ ഖണ്ഡിക (1)ൽ പരാമർശിച്ചിരിക്കുന്നതുപോലെയും എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി പരിഷ്കരണത്തിനു മുമ്പുള്ള ശമ്പള സ്കെയിലിലെ അടിസ്ഥാന ശമ്പളത്തിന്റെ 72% ക്ഷാമബത്ത ചേർന്നതും വീട്ടുവാടക ബത്തയും മറ്റ് നഷ്ടപരിഹാരബത്തകളും ആകെ വേതനം കണക്കാക്കുന്നതിന് പരിഗണിക്കേണ്ടതില്ല.

2. 31.03.2026-ൽ സർവ്വീസിലുള്ളതും, 2025-26 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 6 മാസമെങ്കിലും തുടർച്ചയായ സർവ്വീസുള്ളതുമായ ജീവനക്കാർക്കും 31.03.2026 നോ അതിനു മുമ്പോ സർവ്വീസിൽ നിന്നും വിരമിച്ചവരോ അല്ലെങ്കിൽ വിടുതൽ വാങ്ങിയവരോ ആയവർക്കും 2025-26 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 6 മാസം തുടർച്ചയായ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ബോണസിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

3. 2025-26 സാമ്പത്തിക വർഷത്തിൽ പൂർണ്ണമായോ ഭാഗികമായോ സസ്പെൻഷനിലായിരുന്ന സ്ഥിരം ജീവനക്കാർ ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയ്ക്കോ അതിനു മുമ്പോ സർവ്വീസിൽ പുന:പ്രവേശിക്കുകയും സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായോ അർഹമായ അവധിയായോ പരിഗണിച്ച് ആ കാലയളവിലെ ശമ്പളം പൂർണ്ണമായും കൈപ്പറ്റുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് ബോണസ്/ഉത്സവബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

4. മേൽ വ്യവസ്ഥകൾ പ്രകാരം ബോണസിന് അർഹതയില്ലാത്ത എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർ, ഫുൾടൈം കാരാണ്മ ജീവനക്കാർ ക്ലാസ്ഫോർ ക്ഷേത്രജീവനക്കാർ,അതോടൊപ്പം ഫുൾടൈം കാരാണ്മ ലാവണത്തിലുള്ള ഡിപ്പാർട്ട്മെന്റ് നോമിനികൾ എന്നീ വിഭാഗത്തിലുള്ള വർക്ക് 3000/-രൂപ വീതം പ്രത്യേക ഉത്സവ ബത്ത അനുവദിക്കുന്നു.

5. ദേവസ്വങ്ങളിലെ ഫുൾടൈം തസ്തികകളിലെ സ്ഥിരം ഒഴിവുകളിൽ കുറഞ്ഞതു ആറ് മാസമെങ്കിലും തുടർച്ചയായി ജോലി നോക്കുകയും നാലാം ഓണം 28-08-2026 വരെ ജോലിയിൽ തുടരുന്നതുമായ കോൺട്രാക്റ്റ് (പകരം വ്യവസ്ഥയിൽ) ജീവനക്കാർക്ക് 3000/- രൂപ ഉത്സവബത്തയായി അനുവദിക്കുന്നു.

6. കാരാണ്മ ഉൾപ്പെടെയുള്ള എല്ലാ പാർട്ട്ടൈം ക്ഷേത്രജീവനക്കാർക്കും 3000/- രൂപ ക്രമം പ്രത്യേക ഉത്സവബത്ത അനുവദിക്കുന്നു.

7. ദേവസ്വം ബോർഡ് കോമ്പൗണ്ടിലെയും മറ്റ് ആഫീസുകളിലേയും സ്ഥിര ജീവനക്കാരായ സ്വീപ്പേഴ്സ്, സാനിറ്ററി വർക്കേഴ്സ് എന്നീ വിഭാഗക്കാർക്ക് 3000/- രൂപ ഉത്സവബത്ത അനുവദിക്കുന്നു.

8. വൈക്കം, ആറ്റിങ്ങൽ എന്നീ ക്ഷേത്ര കലാപീഠങ്ങളിൽ ശമ്പള സ്കെയിലിൽ ജോലി നോക്കിവരുന്ന അദ്ധ്യാപകർക്ക് 1 മുതൽ 4 വരെയുള്ള ഖണ്ഡികകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ബോണസ്/പ്രത്യേക ഉത്സവബത്ത അനുവദിക്കുന്നു.

9. വൈക്കം, ആറ്റിങ്ങൽ എന്നീ ക്ഷേത്ര കലാപീഠങ്ങളിൽ ജോലി നോക്കി വരുന്ന ഫുൾടൈം അദ്ധ്യാപകർക്ക് 3000/- രൂപ ക്രമവും പാർട്ട്ടൈം ജീവനക്കാർക്ക് 1460/- രൂപയും പ്രത്യേക ഉത്സവബത്ത അനുവദി ക്കുന്നു.

10. ദേവസ്വം ബോർഡ് പ്രസ്സിലെ സ്ഥിരം ജീവനക്കാർക്ക് 1 മുതൽ 4 വരെയുള്ള ഖണ്ഡികകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ബോണസ്/പ്രത്യേക ഉത്സവബത്ത അനുവദിക്കുന്നു.

11. ദേവസ്വം ബോർഡ് പ്രസ്സിലേയും ആഫീസുകളിലേയും എല്ലാ ദിവസവേതന ജീവനക്കാർ, ദേവസ്വം ബോർഡ് കോമ്പൗണ്ടിലും ക്ഷേത്രങ്ങളിലും നിയോഗിച്ചിട്ടുള്ള സെക്യൂരിറ്റി ജീവനക്കാർ എന്നീ വിഭാഗങ്ങളിലുള്ളവരിൽ 01-03-2026 മുതൽ സേവനത്തിൽ ഉണ്ടായിരിക്കുകയും നാലാം ഓണം വരെ (28.08.2026) സേവനത്തിൽ നിന്നും നീക്കം ചെയ്യാനിടയില്ലാത്തതുമായവർക്ക് 1460/-രൂപ വീതം പ്രത്യേക ഉത്സവബത്ത അനുവദിക്കുന്നു.

12. വൈക്കം, ആറ്റിങ്ങൽ എന്നീ ക്ഷേത്ര കലാപീഠങ്ങളിലെ വിദ്യാർത്ഥികൾക്ക് 500/- രൂപ ക്രമം പ്രത്യേക ഉത്സവബത്ത അനുവദിക്കുന്നു.

13. തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ്, ക്ഷേത്രവിഭാഗങ്ങളിലെ ജീവനക്കാരായിരുന്ന്

പെൻഷനായവരിൽ ബോണസ്/പ്രത്യേക ഉത്സവബത്തയ്ക്ക് അർഹതയില്ലാത്തവർ, എസ്റ്റാബ്ലിഷ്മെന്റ്/ക്ഷേത്രവിഭാഗം ഫാമിലി പെൻഷൻകാർ, എക്സ്ഗ്രേഷ്യ പെൻഷൻകാർ (exgratia in lieu pension) ക്ഷേത്ര ജീവനക്കാരായിരുന്ന് 01.04.1985-ന് മുൻപ് സർവ്വീസിൽ നിന്നും വിരമിച്ച 'എക്സ്ഗ്രേഷ്യ' ലഭിക്കുന്നവർ എന്നീ വിഭാഗങ്ങളിലുള്ളവർക്ക് 1250/-രൂപ ക്രമം പ്രത്യേക ഉത്സവബത്ത അനുവദിക്കുന്നു.

14. ബോർഡിൽ കോൺട്രാക്റ്റ് വ്യവസ്ഥയിൽ സ്പെഷ്യൽ ആഫീസർമാരായി നിയമിച്ചിട്ടുള്ളതും 01.03.2026 മുതൽ പ്രസ്തുത രീതിയിൽ ബോർഡിൽ സേവനം അനുഷ്ഠിക്കുന്നതുമായ ഉദ്യോഗസ്ഥർക്ക് 3,000/-രൂപ പ്രത്യേക ഉത്സവബത്ത അനുവദിക്കുന്നു.

15. 01.04.2026-നോ അതിനു ശേഷമോ സ്ഥിരം തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ച എസ്റ്റാബ്ലിഷ്മെന്റ്/ക്ഷേത്രജീവനക്കാർക്ക് 3000/- വീതം ഉത്സവബത്ത അനുവദിക്കുന്നു.

16. ക്ഷേത്രകലാപീഠത്തിൽ നിന്നും പഠിച്ചിറങ്ങി ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ സ്ഥിരം ഒഴിവുകളിൽ താല്ക്കാലികാടിസ്ഥാനത്തിൽ കുറഞ്ഞത് 6 മാസമെങ്കിലും തുടർച്ചയായി ജോലി നോക്കുകയും നാലാം ഓണത്തിന് മുൻപ് (28.08.2026) സേവനത്തിൽ നിന്നും നീക്കം ചെയ്യപ്പെടാനിടയില്ലാത്തതുമായ ഫുൾടൈം താൽക്കാലിക ജീവനക്കാർക്ക് 3000/- രൂപയും പാർട്ട്ടൈം ജീവനക്കാർക്ക് 1460/- രൂപ ക്രമവും പ്രത്യേക ഉത്സവബത്ത അനുവദിക്കുന്നു.

17. 31.03.2027 മുമ്പ് ബോണസ്/പ്രത്യേക ഉത്സവബത്ത പിൻവലിക്കേണ്ടതാണ്.അതാത് വ്യക്തികളുടെ ശമ്പളവും ബത്തകളും/വേതനം /പെൻഷൻ എന്നിവ ഏത് ബഡ്ജറ്റ് കണക്ക് ശീർഷകത്തിൽ നിന്നാണോ മാറ്റുന്നത് അതേ ശീർഷകത്തിൽ നിന്ന് തന്നെ പ്രസ്തുത ചെലവുകളും വഹിക്കേണ്ടതാണ്.

18. ബോർഡിന് കീഴിലുള്ള കാരാണ്മ ഉൾപ്പെടെ എല്ലാ ഫുൾടൈം ജീവനക്കാർക്കും 2026-ലെ ഓണം അഡ്വാൻസ് ആയി 20,000/- (ഇരുപതിനായിരം) രൂപ വരെ അനുവദിക്കാവുന്നതാണ്. അഡ്വാൻസായി കുറഞ്ഞ തുക ആവശ്യമുള്ള ജീവനക്കാർക്ക് ആയിരത്തിന്റെ ഗുണിതങ്ങളായ തുകയും പരമാവധി 20,000/- രൂപയിൽ നിജപ്പെടുത്തി നൽകാവുന്നതാണ്.

അഡ്വാൻസ് തുക 5 തുല്യമാസ ഗഡുക്കളായി 2026 ഒക്ടോബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും ഈടാക്കി തിരികെ ഒടുക്കേണ്ടതാകുന്നു.

19. കാരാണ്മ അടക്കമുള്ള പാർട്ട്ടൈം ജീവനക്കാർക്ക് ഖണ്ഡിക 18 ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 6,000/- രൂപ നിരക്കിൽ അഡ്വാൻസ് അനുവദിക്കുന്നു.

20. ഓണത്തിന് ശേഷം ഓണം അഡ്വാൻസ് അനുവദിക്കുവാൻ പാടില്ലാത്തതാണ്.

21. ഓണം അഡ്വാൻസ് അനുവദിച്ച് നൽകുമ്പോൾ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടുത്തം വരുത്താനാവശ്യമായ തുക നീക്കിയിരിപ്പുണ്ടോ എന്നു കൂടി പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

ഓണം അഡ്വാൻസ് അനുവദിച്ച് നൽകുമ്പോൾ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടുത്തം വരുത്തുന്നതിന് ആവശ്യമായ തുക നീക്കിയിരിപ്പുണ്ടോ എന്നുകൂടി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്.

2025-26-ലെ ബോണസ്/ഉത്സവബത്ത, 2026 ലെ ഓണം അഡ്വാൻസ് എന്നിവ 19-08-2026 മുതൽ പ്രാബല്യത്തിൽ വിതരണം ചെയ്യുന്നതിന് അനുവദിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

ഉള്ളടക്കം : (1) 14-08-2026 ലെ സ.ഉ (അച്ചടി) നം. 91/2026/ധന നമ്പർ സർക്കാർ ഉത്തരവ്.
(2) 14-08-2026 ലെ സ.ഉ (അച്ചടി) നം. 92/2026/ധന നമ്പർ സർക്കാർ ഉത്തരവ്.

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ബഹു: പ്രസിഡന്റിന്റെ പേഴ്സണൽ സെക്രട്ടറി
3. ഐ.റ്റി. സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK